# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 14/ 1291/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 14/ 1291/2021 തീയ്യതി: 14/12/2021

## കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-09-2021 | 01-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 01-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാന്റി ജോർജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബാബുരാജ് കെ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിർമ്മല മോഹനൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ.ജോർജ് മാത്യു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീമതി.എൻ.എൻ.ഉഷാകുമാരി | സെക്രട്ടറി | 01-04-2020 |
| ശ്രീ.രാജീവ്.ആർ | സെക്രട്ടറി | 18-06-2020 |
| ശ്രീമതി.ചിത്ര.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 |
| ശ്രീ.ജയപ്രകാശ്.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 |
| ശ്രീമതി.അശ്വിനി.എസ് | കൃഷി ഓഫീസർ | 01-04-2020 |
| ഡോ.ജോയ്സി ജോൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 |
| ഡോ.ഷാജു സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 |
| ഡോ.സീനിയ.പി.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 |
| ഡോ.ബിനോയി ജോസഫ് | വെറ്റിനറി സർജൻ | 01-04-2020 |
| ശ്രീമതി.ജ്യോതി.എസ്.കുമാർ | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 |
| ശ്രീമതി.അനു കുമാരൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 |
| ശ്രീമതി.ഗ്രേസി.വി.ബെഞ്ചമിൻ | ഹെഡ്മാസ്റ്റർ | 01-04-2020 |
| ശ്രീ.സുരേഷ് സാമുവൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 |
| ശ്രീമതി.സുർക്കി.റ്റി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 15-10-2020 |
| ശ്രീമതി മേരിക്കുട്ടി ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 |
| ശ്രീ.സുരേഷ് സാമുവൽ | സെക്രട്ടറി ഇൻ ചാർജ്ജ് | 13-06-2020 |

11.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P B Shajimon (Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saji P R (Audit Officer, On 04-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Saji P R (Audit Officer, On 04-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: K.B.Baburaj (Auditor, On 04-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.B.Baburaj (Auditor, On 04-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-10 |
| 11 | സ്റ്റാമ്പ് പേപ്പർ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.<br>Written By: K.B.Baburaj (Auditor, On 04-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-11 |
| 12 | വസ്തുനികുതി നിർണ്ണയത്തിൽ തറവിസ്തീർണ്ണം പൂർണ്ണമായും കണക്കിലെടുത്തില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിൽ തറവിസ്തീർണ്ണം പൂർണ്ണമായും കണക്കിലെടുത്തില്ല- അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിലും നടപടികൾ സ്വീകരിയ്ക്കുന്നതിലും വീഴ്ച<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-13 |
| 14 | ഓഡിറ്റ് ഇംപാക്ട്- ശരിയായ ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-14 |
| 15 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല – ഈടാക്കിയില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | 1-15 |
| 16 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും | 1-16 |

| | | |
|---|---|---|
| | സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-11-2021) | |
| 17 | സ്വകാര്യ മാനേജ്മെൻറ് സ്കൂളുകളിൽ തുമ്പൂർമൊഴി കംപോസ്ററ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ പ്പെടുത്തി ക്രമപ്രകാരമല്ലാത്ത നിർമ്മാണം നടത്തിയതിനാൽ അധികച്ചെലവ്<br>Written By: Shanti George (Asst. Audit Officer, On 29-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-17 |
| 18 | പഞ്ചായത്ത് ബസ്സ് സ്ററാന്റ് നവീകരണം -അപാകങ്ങൾ<br>Written By: Shanti George (Asst. Audit Officer, On 29-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-18 |
| 19 | മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടി പ്ളമ്പിങ്ങും പെയിൻറിങ്ങും -പ്രവർത്തി നടപ്പാക്കാതെ പെയ്മെന്റ് നൽകി<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-19 |
| 20 | വിവിധ സ്കൂളുകളിൽ സ്ഥാപിച്ച തുമ്പൂർമൊഴി കംപോസ്ററ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ-കരാറുകാർ മത്സരാധിഷ്ഠിതമല്ല<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-21 |
| 22 | എ).ബി.സി. പ്രോഗ്രാം- പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-22 |
| 23 | പശുവളർത്തൽ- പദ്ധതി അപാകതകൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-23 |
| 24 | എസ്.റ്റി. ഭൂരഹിത ഭവനരഹിത ഗുണഭോക്താവിന് സ്ഥലം വാങ്ങൽ - അപാകതകൾ<br>Written By: P B Shajimon (Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-24 |
| 25 | മൂല്യനിർണ്ണയം നടത്താതെ സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-25 |
| 26 | ഭവനപുനരുദ്ധാരണം (ജനറൽ) – വകയിരുത്തിയ മുഴുവൻ തുകയും അഡ്വാൻസ് നൽകി<br>Written By: P B Shajimon (Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-26 |
| 27 | 176/21 വീട് വാസയോഗ്യമാക്കൽ പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-27 |
| 28 | പ്രോജക്ട് നമ്പർ 94/ 21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-28 |
| 29 | പ്രോജക്ട് നമ്പർ 99/ 21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-29 |
| 30 | പ്രോജക്ട് നമ്പർ 92/ 21 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-30 |

| | | |
|---|---|---|
| 31 | ആയുർവേദാശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-31 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-32 |
| 33 | കുടുംബശ്രീവഴി നടപ്പാക്കിയ അഗതിരഹിത കേരളം ചലഞ്ച്ഫണ്ട് വിനിയോഗവിവരം<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-33 |
| 34 | വിനിയോഗവിവരം ലഭ്യമാക്കാത്തത്<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-34 |
| 35 | കോവിഡ് പ്രതിരോധം -അവലോകനം<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്വകാര്യ മാനേജ്മെൻറ് സ്കൂളുകളിൽ തുമ്പൂർമൊഴി കംപോസ്ററ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ പ്പെടുത്തി ക്രമപ്രകാരമല്ലാത്ത നിർമ്മാണം നടത്തിയതിനാൽ അധികച്ചെലവ്<br>Written By: Anju P Natarajan (Computer Assistant, On 22-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 3-1 |
| 2 | മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടി പ്ളമ്പിങ്ങും പെയിൻറിങ്ങും -പ്രവർത്തി നടപ്പാക്കാതെ പെയ്മെന്റ് നൽകി<br>Written By: Anju P Natarajan (Computer Assistant, On 22-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |

| | | |
|---|---|---|
| | Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 22-11-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 27.3.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4292235 | 8197258 |
| വരവ് | 135580300 | 65632336 |
| ആകെ | 139872535 | 73829594 |
| ചെലവ് | 136808500 | 65487059 |
| നീക്കിയിരിപ്പ് | 3064035 | 8342535 |

## 1-2 വാർഷികധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ തൊഴിലില്ലായ്മ വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്നീ ഇനങ്ങൾ മാത്രമേ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ ( I-6) I-14-D) ചേർത്തിട്ടുള്ളൂ.

5) ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂൾ പ്രകാരം 19-20 സാമ്പത്തിക വർഷം Advance To Others എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയും രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിലുള്ള 900രൂപയുടെ വ്യത്യാസം നിലനിർത്തി മുന്നിരിപ്പ് തുക എടുത്തിട്ടുള്ളതിനാൽ അപാകത തൻവർഷവും നിലനിൽക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8197258 |
| ഓഡിറ്റ് വർഷത്തെ വരവ് | 65632336 |
| ആകെ | 73829594 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65487059 |
| നീക്കിയിരിപ്പ് | 8342535 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 293821 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3289207 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം ലഭിച്ചത് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13660875 | 13660875 | 13660875 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2051000 | 2051000 | 1973769 | 77231 | 96.23 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1251000 | 1251000 | 1250559 | 441 | 99.96 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11429000 | 11429000 | 11426891 | 2109 | 99.98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3809079 | 3809079 | 3784102 | 24977 | 99.34 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 9858311 | 9858311 | 8206932 | 1651379 | 83.24 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 5330000 | 5330000 | 3438056 | 1891944 | 64.50 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2206 | 20715414 | 20717620 | 20712775 | 4845 | 99.97 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 217620 | 618428 | 836048 | 357491 | 478557 | 42.75 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1831649 | 1831649 | 1061261 | 770388 | 57.94 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽനിന്ന് യഥാക്രമം 1709839/-രൂപ, 58667/-രൂപ വീതം കുറവുചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 261/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 395020 | വികസനഫണ്ട് പൊതുവിഭാഗം |
| 268/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 395019 | വികസനഫണ്ട് പൊതുവിഭാഗം |
| 225/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| 260/21<br>അംഗൻവാടി ജീവനക്കാരുടെ | 306600 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | | |
| 269/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1709839 | വികസനഫണ്ട് പൊതുവിഭാഗം |
| 266/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 29333 | എസ്.സി.പി. |
| 267/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 29334 | എസ്.സി.പി. |
| ആകെ | 58667 | എസ്.സി.പി. |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 38921 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. പിന്നീട് അത് റദ്ദ് ചെയ്യുകയും തുക പിന്നീട് അനുവദിക്കുന്നതാണ് എന്നും ഉത്തരവായിരുന്നു. എന്നാൽ 38921 രൂപ കുറച്ചാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

**1-5 പദ്ധതിഅവലോകനം.**

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 17.1.2020 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 19.01.2020, മുതൽ 3.2.2020 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 31.1.2021 മുതൽ 8.2.2021 വരെയും ഊരുകൂട്ടം 17.01.2020 മുതൽ 2.2.2020 വരെയും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 16.3.2020ലെ 2(1)നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 223 | 76303477 | 193 | 48636384 | 30 | 86.54 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്കുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്കുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 1124225 | 8 | 727644 |
| വെറ്റിനറി സർജൻ | 7 | 3759500 | 7 | 2664500 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 11 | 5562767 | 8 | 3560899 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 300000 | 1 | 300000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 1 | 200000 |
| വി.ഇ.ഒ | 20 | 20555139 | 19 | 5767540 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5177904 | 6 | 3982878 |
| സെക്രട്ടറി | 31 | 8826367 | 30 | 8559774 |
| അസിസ്റ്റന്റ് എൻജിനീയർ | 123 | 28384623 | 104 | 20885480 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 1 | 348000 | 1 | 144438 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1138452 | 2 | 1004731 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 926500 | 6 | 838500 |
| ആകെ | 223 | 76303477 | 193 | 48636384 |

<u>ഫണ്ട് വിനിയോഗത്തിൽ എടുത്തുപറയത്തക്ക നേട്ടം കൈവരിച്ചു</u>

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 13660875 | 13660875 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 2051000 | 1973769 | 96.23 |
| വികസന ഫണ്ട് (ടി.എസ്.പി) | 1251000 | 1250559 | 99.96 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 11429000 | 11426891 | 99.98 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3809079 | 3784102 | 99.34 |

<u>ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 3543323 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്ത തുക |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 9858311 | 8206932 | 1651379 |
| ധനകാര്യ കമ്മീഷൻ | 5330000 | 3438056 | 1891944 |

| | | | |
|---|---|---|---|
| ഗ്രാന്റ് (Tied ) | | | |
| ആകെ | | | 3543323 |

അംഗീകാരം കിട്ടിയ ചില പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 35 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- <u>നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 19 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 1917103/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 119188/- രൂപയുടെ പൂർത്തീകരണ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1797915/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം</u>**

തൊഴിലുറപ്പ പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 221 പ്രോജക്ടുകളിൽ 197എണ്ണം മാത്രം തൻവർഷം പൂർത്തിയാക്കി. 53153 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 839 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആട്ടിൻകൂട്, പശുതൊഴുത്ത്,പന്നിക്കൂട്,കോഴിക്കൂട്എന്നിവയുടെ നിർമ്മാണം, കംപോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, ഫാം പോണ്ട് കയ്യാല, മഴക്കുഴി എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത് MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2205.87 |
| | കൃഷ് വരവ് | | |
| വരവ് | ഇ.എഫ്.എം.എസ്. വരവ് അൺ സ്കിൽഡ് | 15427236 | |
| | അഡ്മിനിസ്ട്രേഷൻ | 661377 | |
| | സ്കിൽഡ് | 640100 | |
| | മെറ്റീരിയൽ | 3751313 | |
| | മെറ്റീരിയൽസ് റ്റി.ഡി.എസ് | 41349 | |
| | ബാങ്ക് പലിശ | 8039 | |
| | തനത് ഫണ്ട് | 580054 | |
| | 100 ദിവസം | 186000 | |

| | | | |
|---|---|---|---|
| | പൂർത്തിയാക്കിയവർക്കുള്ള തുക | | |
| ആകെ | | | 21297673.87 |
| ചെലവ് | അവിദഗ്ധതൊഴിലാളികളുടെ വേതനം | 15427236 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 640100 | |
| | മെറ്റീരിയൽ | 3751313 | |
| | മെറ്റീരിയൽ ജി.എസ്.റ്റി | 41349 | |
| | അഡ്മിനിസ്ട്രേഷൻ | 585454 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 186000 | |
| | തനത് ഫണ്ട് തിരികെ | 661377 | |
| | ആകെ | 21292829 | |
| നീക്കിയിരിപ്പ് | | | 4844.87 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14280 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 4861900 | 211 |
| വിധവാപെൻഷൻ | 13852400 | 602 |
| വാർദ്ധക്യകാലപെൻഷൻ | 28619300 | 1298 |
| വികലാംഗപെൻഷൻ | 5626400 | 247 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1261400 | 56 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2021 3.15 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3087/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

5) തനത് ഫണ്ട് വിനിയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ തുക നൽകുന്നതിന് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല.

6) കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നില്ല.

7)ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

8) വൗച്ചറുകൾ, ബിൽ രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2019 – 14.03.2019 | 2013-14മുതൽ 2017-18വരെ | LBA(HQ)II/1/8A-211/18-19-18/ തീയതി .10.04.19 |
| പെർഫോമൻസ് ഓഡിറ്റ് | 24.08.21-27.08.21 | 2020-21 | ലഭിച്ചിട്ടില്ല |

**1-11 സ്റ്റാമ്പ് പേപ്പർ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ പ്രാഥമിക കരാർ വെക്കുന്നതിനുള്ള സ്റ്റാമ്പ് പേപ്പർ ലഭ്യമല്ലാതിരുന്നതിനാൽ സ്റ്റാമ്പ് പേപ്പർ വിലയിനത്തിലുള്ള തുക കരാറുകാരിൽ നിന്നും രസീത് പ്രകാരം ഈടാക്കിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നം/ തീയതി | തുക | ഒടുക്കിയ കരാറുകാരൻ |
|---|---|---|---|
| 1 | 78/42065/4.11.2020 | 1000 | ബിനു ജോർജ് മണ്ഡപത്തിൽ പൂഞ്ഞാർ തെക്കേക്കര |
| 2 | 79/42065/4.11.2020 | 1000 | ബിനു ജോർജ് മണ്ഡപത്തിൽ പൂഞ്ഞാർ തെക്കേക്കര |
| 3 | 80/42065/4.11.2020 | 1000 | ബിനു ജോർജ് മണ്ഡപത്തിൽ പൂഞ്ഞാർ തെക്കേക്കര |

| | | | |
|---|---|---|---|
| 4 | 81/42065/4.11.2020 | 1000 | ബിനു ജോർജ് മണ്ഡപത്തിൽ പൂഞ്ഞാർ തെക്കേക്കര |
| 5 | 82/42065/4.11.2020 | 1000 | ജോമി മാത്യു പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ |
| 6 | 83/42065/4.11.2020 | 1000 | ജോമി മാത്യു പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ |
| 7 | 84/42065/4.11.2020 | 1000 | ജോമി മാത്യു പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ |
| | ആകെ | 7000 | |

സ്റ്റാമ്പ് പേപ്പർ വിലയിനത്തിലുള്ള തുക സംസ്ഥാന സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു. ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്റ്റാമ്പ് പേപ്പർ വിലയിനത്തിലുള്ള തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-12 വസ്തുനികുതി നിർണ്ണയത്തിൽ തറവിസ്തീർണ്ണം പൂർണ്ണമായും കണക്കിലെടുത്തില്ല</u>**

ശ്രീ.ജിമ്മി ജോർജ്, മേക്കാട്ട് എന്നയാൾക്ക് ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സർവ്വേ നമ്പർ 62/1 ൽ പെട്ട സ്ഥലത്ത് 498.5 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടം നിർമ്മിയ്ക്കുന്നതിന് 07/01/2020 തീയതിയിലെ എ 2-2935/2019 പെർമിറ്റ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം അതേ തറവിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ 10 മുറികൾക്ക് 1/140 A മുതൽ 1/140 J വരെ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 10 മുറികൾക്ക് കൂടി ആകെ നികുതി നിർണ്ണയിയ്ക്കപ്പെട്ടിട്ടുള്ള തറവിസ്തീർണ്ണം 381.78 ച. മീ മാത്രമാണ്. അതായത്, തറവിസ്തീർണ്ണത്തിൽ 116.72 ച.മീ കുറവുണ്ടായിട്ടുണ്ട്. സ്റ്റെയറുമായി ബന്ധപ്പെട്ട വിസ്തീർണ്ണം ഒഴിവാക്കിയാലും നീതിക്കരിയ്ക്കാനാവാത്ത കുറവാണ് ആകെ നികുതി നിർണ്ണയിക്കപ്പെട്ട തറവിസ്തീർണ്ണത്തിലും വസ്തുനികുതി നിർണ്ണയത്തിലും ഉണ്ടായിട്ടുള്ളത്.

അപാകത പരിഹരിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.6തീയതി 25.9.2021) മറുപടി ലഭിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-13 വസ്തുനികുതി നിർണ്ണയത്തിൽ തറവിസ്തീർണ്ണം പൂർണ്ണമായും കണക്കിലെടുത്തില്ല- അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിലും നടപടികൾ സ്വീകരിയ്ക്കുന്നതിലും വീഴ്ച</u>**

ശ്രീ. എൻ.ജെ.ജോസഫ്, നെല്ലിയാനിൽ എന്നയാൾ ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സർവ്വേ നമ്പർ 80/2 ൽ പെട്ട സ്ഥലത്ത് 28.04.2017 തീയതിയിലെ ബി3-1041/17 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള മുറികൾക്ക്1/320 E,F,G,Hനമ്പറുകളും ഒന്നാം നിലയ്ക്ക് 1/320I നമ്പറും നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ 142.89 ച.മീറ്ററും ഒന്നാം നിലയിൽ 149.48 ച.മീറ്ററും തറവിസ്തീർണ്ണവുമുള്ള കെട്ടിടം നിർമ്മിയ്ക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം ,താഴത്തെ നില 116.34 ച.മീ ഒന്നാം നില 135.03 ച.മീ ടോയ് ലറ്റ് 5.81 ച.മീ എന്നിങ്ങനെ തറവിസ്തീർണ്ണമുള്ള കെട്ടിമാണ് നിർമ്മിച്ചിട്ടുള്ളത്. ബന്ധപ്പെട്ട സെക്ഷന്റെ ഫീൽഡ് പരിശോധനാ റിപ്പോർട്ട് പ്രകാരം താഴത്തെ നിലയുടെ തറ വിസ്തീർണ്ണം 117.79 ച.മീറ്റർ, ഒന്നാം നിലയുടെ തറവിസ്തീർണ്ണം 141.49 ച.മീ എന്നിങ്ങനെയാണ്.

അതനുസരിച്ച് ഒന്നാം നിലയുടെ (1/320I) 141.19 ച.മീ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, താഴത്തെ നിലയിലെ 4 മുറികൾക്കും കൂടി ആകെ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് 91.45ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ്. അതായത്, നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള തറവിസ്തീർണ്ണത്തിൽ 26.34 ച.മീ കുറവുണ്ടായിട്ടുണ്ട്.

നിലവിൽ ടി കെട്ടിടത്തിന് 3 നിലകളുള്ളതായും മുകളിലത്തെ നിലകളിൽ "Stoa(AC And NonAC Party Hall)"എന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നതായും കാണുന്നു. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ " B STRONG FITNESS Club" എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. താഴത്തെ നിലയിൽ രണ്ട് ഷട്ടറുകളോട് ചേർന്ന് റോഡിനഭിമുഖമായി അനധികൃതമായി നിർമ്മിച്ച കെട്ടിടവും ടി സ്ഥാപനം ഉപയോഗിക്കുന്നുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.6 തീയതി 25.09.2021) മറുപടി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞതിൽ 1/320 F,G മുറികളുടെ ഒഴികെയുള്ളവയുടെ വസ്തുനികുതി 2019-20 മുതൽ (പിഴപ്പലിശ കൂടാതെ ₹ 19796/-) ടിയാൻ അടവാക്കിയിട്ടില്ല. കുടിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് ആസ്ഥാനത്തിനടുത്ത് ഒരു പ്രധാന റോഡിനോട് ചേർന്നുള്ള അനധികൃതനിർമ്മാണവും അപ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ അനധികൃതമായി സ്ഥാപനം പ്രവർത്തിക്കുന്നതും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞത് കൂടാതെ, വേറെയും അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈരാറ്റുപേട്ട ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന (1/208A) കെട്ടിടവും ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടവും (1/661 B,C) മൂന്നു നിലകൾ വീതം ഉള്ളവയാണെങ്കിലും അവയുടെ രണ്ട് നിലകൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.21 തീയതി 30.09.2021) മറുപടി ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാമതായാണ് കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം കേരള പഞ്ചായത്ത് രാജ് നിയമത്തിൽ പ്രസ്താവിച്ചിട്ടുള്ളത്.എന്നാൽ,അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമ പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ കേ.പ.രാജ് നിയമത്തിലെ വകുപ്പ് 235 പ്രകാരവും 2019 ലെ കേ.പ.രാജ് ( കെട്ടിട നിർമ്മാണ ) ചട്ടങ്ങളിലെ 92 മുതൽ 96 വരെയുള്ള ചട്ടങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് '235 എഐ' അനുശാസിക്കും പ്രകാരം , ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ച മാറ്റുന്ന തിയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ് .

## 1-14 ഓഡിറ്റ് ഇംപാക്ട്- ശരിയായ ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി

ശ്രീ. മുഹമ്മദ് ഇർഷാദ്, ആത്രച്ചേരിൽ എന്നയാൾക്ക് ഗ്രാമ പഞ്ചായത്തിലെ 10 ാം വാർഡിൽ കുട്ടിക്കൽ വില്ലേജിൽ സർവ്വേ നമ്പർ25/1-1-1 To 25/1-1-5,25/1-3-2 ൽ ടിയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള രണ്ട് കെട്ടിടങ്ങൾനിർമ്മിക്കുന്നതിന് 04.03.2020 തീയതിയിലെ എ2-448/2020 നമ്പർ പെർമിറ്റ് പ്രകാരംഅനുമതി നൽകിയിരുന്നു.166 ച.മീ തറ വിസ്തീർണ്ണമുള്ള ആദ്യ കെട്ടിടം സെൻട്രിഫ്യൂജ് മെഷിൻ ഷെഡും രണ്ടാമത്തെ 25 ച.മീ കെട്ടിടം ഓഫീസ് & തൊഴിലാളികളുടെ റെസ്റ്റ് റൂം & 6 ച.മീ ടോയ് ലറ്റ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയിരുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം യഥാക്രമം 154 ച.മീ, 25 ച.മീ, 7 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ആദ്യ കെട്ടിടത്തിന് X/82 A നമ്പർ നൽകി വ്യാവസായികാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 25 ച.മീ കെട്ടിടത്തിന് X/82 B നമ്പർ നൽകി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിരുന്നു. അതുപോലെ, പറത്താനം മുണ്ടക്കയം റോഡ് വഴി

സൗകര്യമായി രേഖപ്പെടുത്തിയിട്ടുള്ള ടി കെട്ടിടങ്ങളെ ത്രിതീയ മേഖലയിലും X/82 B നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ റോഡിന്റെ തരം 5 മീറ്ററിൽ താഴെഎന്നവിഭാഗത്തിലും ഉൾപ്പടുത്തിയതു കൊണ്ടും അടിസ്ഥാന വസ്തുനികുതിയിൽ 30% കുറവ് സംഭവിച്ചിരുന്നു.

ഓഡിറ്റന്വേഷണക്കുറിപ്പ് (നം. 18 തീയതി 29.09.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. ഓഡിറ്റവസാനിയ്ക്കുന്നതിന് മുൻപ് തന്നെ ഇപ്രകാരം അപാകത പരിഹരിച്ച് അറിയിച്ചിട്ടുള്ള നടപടി ശ്ലാഘനീയമാണ്.

## 1-15 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല – ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2020-21 സാമ്പത്തികവർഷം ജീവനക്കാരുടെ/ സ്ഥാപനതൊഴിൽനികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് |
| 2 | മാവേലി സ്റ്റോർ |
| 3 | ഹാപ്പി ഡെന്റൽ ക്ലിനിക്ക്, പൂഞ്ഞാർ |

കൂടാതെ, MNREGS ഓഫീസ് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിയ്ക്കുന്നതിന് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 9തീയതി 28.9.2021) മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിനും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട അപേക്ഷകളുടെ പരിശോധനയിൽ, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്നതിന് ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു.

| രജി. ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം |
|---|---|---|---|
| 22 | 10/258 | ജോസ് ജോസഫ്, വിളക്കുന്നേൽ | കൂൾബാർ & സ്റ്റേഷനറി |
| 137 | 3/389 | ബെറ്റി മാത്യു, കോലോത്ത് | സ്പൈസസ് വ്യാപാരം |
| 141 | 13/161 A | ജിജിമോൾ എം.കെ, താഴത്തേടത്ത് | പലവ്യഞ്ജനങ്ങൾ സംഭരണം,വില്പന |
| 162 | 4/70 | സണ്ണി അലക്സ്, വള്ളിയാംതടത്തിൽ | റബ്ബർ വ്യാപാരം |

തൻവർഷം ലൈസൻസിന് അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 179 മാത്രമാണ്. ലൈസൻസ് രജിസ്റ്ററിൽ ഫീസിടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാലും പലതിന്റെയും

അപേക്ഷകൾ ലഭ്യമല്ലാത്തതിനാലും അവയിൽ 26 സ്ഥാപനങ്ങൾക്ക് (മേൽപ്പട്ടികയിലെ ക്രമ നം.22,137,162 ഉൾപ്പെടെ) ലൈസൻസ് നൽകിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

മാനേജിംഗ് ഡയറക്ടർ, മീനച്ചിൽ റബ്ബർ വുഡ്സ് എന്ന സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 3.48 കോടിയും യന്ത്രങ്ങളുടെ സ്ഥാപിതശേഷി 425 HPയും ആണെന്ന് കാണുന്നു. ഉല്പാദന മേഖലയിൽ മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കുറവുമുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി 5000/-രൂപയാണ് ഈടാക്കേണ്ടിയിരുന്നത് എങ്കിലും 1000/- രൂപ മാത്രമാണ് ഈടാക്കിയാതായി കാണുന്നത്. അതുപോലെ, യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പട്ടിക 3 പ്രകാരം 4250/- രൂപ മോട്ടോർ ഫീസായി ഈടാക്കേണ്ടിയിരുന്നുവെങ്കിലും 2125രൂപയാണ് ഈടാക്കിയിട്ടുള്ളത്. ശ്രീമതി ഹേമലത സനോജ്, തോട്ടാപ്പള്ളിൽ നടത്തുന്ന പ്രിൻസ് നമ്പർ വൺ ഫുഡ്സ് എന്ന സ്ഥാപനത്തിൽ 10 HP ശേഷിയുള്ള യന്ത്രം ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും മോട്ടോർ ഫീസ് ഈടാക്കിയതായി കാണുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന്(നം. 5 തീയതി 25.9.2021) മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്ററിൽ അപേക്ഷ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-17 സ്വകാര്യ മാനേജ്മെൻറ് സ്കൂളുകളിൽ ഉറവിടമാലിന്യ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ പ്പെടുത്തി ക്രമപ്രകാരമല്ലാത്ത നിർമ്മാണം നടത്തിയതിനാൽ അധികച്ചെലവ്

2020-21വർഷം പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ സ്വകാര്യ മാനേജ്മെൻറ് വിഭാഗത്തിൽപ്പെട്ട സെന്റ് ആന്റണീസ് ഹയർ സെക്കൻററി സ്കൂളുകളിൽ ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് ഉറവിടമാലിന്യ വേസ്റ്റ് കംപോസ്റ്റ് യൂണിറ്റ് 2 യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതിരൂപീകരിച്ച ടെണ്ടർ ക്ഷണിച്ച് 20.06..2020 ൽ നിർമ്മാണം പൂർത്തിയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നം | കരാറുകാരൻ | എം ബുക്ക് നം | വൗച്ചർ നം,ചെക്ക് നം/തീയതി | തുക | യൂണിറ്റ് എണ്ണം |
|---|---|---|---|---|---|---|
| സെന്റ് ആന്റണീസ് ഹയർ സെക്കൻററീസ് സ്കൂൾ | 212/20-21 | ബിനു ജോർജ് | 96/19-20 | 22000336/16.09.20, 22000338/16.09.20 ,22000339/16.09.20 | 423261/- 47272/- 4239/- ആകെ 4,74,772/- | 2 യൂണിറ്റ് |

2എയിറോബിക്ക് കംപോസ്റ്റ് ബിന്നുകൾ അടങ്ങിയ 2യൂണിറ്റുകളും അവയ്ക്ക് പൊതുവായ ഷെൽറ്ററുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ശുചിത്വ മിഷന്റെ അംഗീകാരം ലഭ്യമാക്കാതെ പദ്ധതിയിൽ മാറ്റം വരുത്തിയതായി കാണുന്നു. ഓഡിറ്റ് വേളയിൽ 24.09.2021 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 2എയിറോബിക്ക് കംപോസ്റ്റ് യൂണിറ്റുകൾ അടങ്ങിയ ഒരു യൂണിറ്റ് മാത്രമാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ എം.ബുക്ക് നം. 96/19-20 പരിശോധിച്ചതിൽ സ്കൂൾ കോമ്പൗണ്ടിൽ ഈ യൂണിറ്റുകൾക്ക് സമീപമായുള്ള ഒരു കുളത്തിന് സംരക്ഷണഭിത്തി നിർമ്മാണം നടത്തിയതായും ആയതിന്റെ അളവ്കൂടി എം.ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് പണം നൽകിയതായും ബോദ്ധ്യപ്പെട്ടു. പ്രസ്തുത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം.ബുക്ക് പേജ് നം | വ്യതിചലിച്ച് നടത്തിയ നിർമ്മാണത്തിന്റെ | | കരാറുകാരന് നൽകിയ നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| | ഇനം | അളവ് | | |
| 1 | 2 | 3 | 4 | 5=3x4 |
| 2 | എർത്ത് വർക്ക് | 3.22+ | 380.48/ | 1712.16 |

| | | | | |
|---|---|---|---|---|
| | എക്സ്കവേഷൻ( സംരക്ഷണ ഭിത്തി പോണ്ട്) | 1.28=4.5.ഘന മീ | ഘന മീ | |
| 4 | ഡ്രൈ റബിൾ വർക്ക് | 3.20ഘന മീ | 2647.29/ ഘന മീ | 8471.33 |
| 5 | റാണ്ടം റബിൾ വർക്ക് | 4.503ഘന മീ | 5470.10/ ഘന മീ | 24631.86 |
| 6 | ഡ്രൈ റബിൾ വർക്ക് വിത്തൗട്ട് കോൺക്രീറ്റിങ്ങ് | 6.636 ഘന മീ | 2647.29/ ഘന മീ | 17567.42 |
| 6 | റാണ്ടം റബിൾ വർക്ക് | 2.532+7.714-10.246ഘന മീ | 5470.10/ ഘന മീ | 56046.64 |
| 7 | സിമിന്റ് കോൺക്രീറ്റിങ്ങ് വെയറിങ്ങ് കോട്ട് | 0.198 ഘന മീ | 6795.81/ ഘന മീ | 1345.57 |
| ആകെ | | | | 1,09,774.98/- |

അധികമായി നൽകിയ തുക - 109774.98

+ ജി.എസ്.റ്റി 12% - 131722.99

ആകെ അധികമായിനൽകിയതുക– 1,22,947.97= **1,22,948/-**

പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന രീതിയിൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് സ്വകാര്യ മാനേജ്മെൻറ് സ്കൂളിൽ പദ്ധതിയുടെ നിർമ്മാണപ്രവൃത്തി നടത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കിയതിന്റെ പഞ്ചായത്ത് ഫണ്ടിനുണ്ടായ അധികച്ചെലവ് രൂപ **1,22,948/-** നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/2020-21/25.09.2021) മറുപടിയായി കുട്ടികളുടെ സുരക്ഷയെക്കരുതിയാണ് സംരക്ഷണഭിത്തി നിർമ്മിച്ചതെന്ന് മറുപടി നൽകി. എന്നാൽ ഒരു നൂറ്റാണ്ടായി പ്രവർത്തിച്ച് വരുന്ന സ്ഥാപനത്തിൽ നിലനിന്നിരുന്ന കുളം കുട്ടികളുടെ സുരക്ഷയ്ക്ക് 2020-21 ൽ മാത്രം ഭീഷണിയായി എന്നത് സ്വീകാര്യമായ മറുപടിയായി കരുതാനാവില്ല. ആയതിനാൽ ക്രമവിരുദ്ധമായി ചെയ്ത പ്രവൃത്തിയുടെ ബിൽ ഇനത്തിൽ അധികമായി നൽകിയ തുക 122948/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാത്ത പക്ഷം സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുന്നു. പദ്ധതിക്കു ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുതകാത്ത പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനുത്തരവാദിയായിരിക്കുന്നതാണ്.

**1-18 പഞ്ചായത്ത് ബസ്സ് സ്ററാന്റ് നവീകരണം -അപാകങ്ങൾ**

പ്രോജക്ട് നം 204/21

ഭരണാനുമതി --1(1)7/12/2018

സാങ്കേതികാനുമതിതുക 14,45,000/-

ഫണ്ടിനം - മെയിൻറനൻസ് ഫണ്ട് (റോഡിതരം)

എം ബുക്ക് നം -12375

| ബിൽ നം | തീയതി | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 69/20-21 | 16.11.20 | 7,37,663 |
| 70/20-21 | 16.11.20 | 5,33.472 |
| ആകെ | | 12,71,135/- |

പഞ്ചായത്ത് ബസ്സ്റ്റാന്റ് നവീകരണം പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിയതുമൂലം സെന്റേജ് ചാർജ് ഇനത്തിൽ 1,19,995/- അധിക ചെലവായി

എഞ്ചിനീയറിങ്ങ് വിഭാഗത്തിന് ഈ-ടെണ്ടർ വഴി നടപ്പാക്കാവുന്ന പ്രവർത്തി ഡെപ്പോസിറ്റ് വർക്കായി കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ 18/03/2019 ലെ 110/എ.ഇ/എൽ.എസ്.ജി.ഡി/2018-കരാർ മുഖേന പ്രവർത്തിയുടെ നിർവ്വഹണം ഏൽപ്പിക്കുകയും 07/08/2020 ൽ പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തു.12,71,135/-രൂപയുടെ പ്രവർത്തിമൂല്യമുള്ള പ്രവർത്തിയിൽ സെന്റേജ് ചാർജ് ഇനത്തിൽ (8%സെന്റേജ് ചാർജ്ജും 18%ജി.എസ്.റ്റിയും അടക്കം) 1,19,995/-രൂപയാണ് നിർമ്മിതി കേന്ദ്രം 8/11/2020ലെ കത്ത് നം ടെക്/41/19/RNKVപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. സെന്റേജ് ചാർജ് ഇനത്തിൽ നൽകേണ്ടതുക പഞ്ചായത്ത് സെക്രട്ടറിയുടെപേരിലുള്ള അക്കൗണ്ട് നം 799013000000117 ലേയ്ക്ക് കൈമാറിയിട്ടുണ്ട്. എഞ്ചിനീയറിങ്ങ് വിഭാഗം ഈ-ടെണ്ടർ വഴി പ്രവർത്തിനടപ്പാക്കിയിരുന്നെങ്കിൽ സെന്റേജ് ചാർജ് ഇനത്തിൽ വന്ന രൂ 1,19,995/-ന്റെ അധിക ചെലവ് ഒഴിവാക്കാമായിരുന്നതാണ്. കൂടാതെ 04.10.2020 ലെ ജി.ഒ(റിട്ട.)1817/2020/ത.സ്വ.ഭ.വ പ്രകാരം 2.5% സെന്റേജ് ചാർജിന് മാത്രമാണ് അർഹത. തനത് നിർമ്മാണ ശൈലിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാത്രമാണ് നിർമ്മിത കേന്ദ്രത്തിന് അക്രഡിറ്റഡ് ഏജൻസി എന്ന പദവി ലഭിച്ചിരിക്കുന്നത് എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

2. കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ 2019-20 വർഷം കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവർത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക | ബിൽ നം, ആകെ തുക, ബിൽ തീയതി |
|---|---|---|---|
| 204/21പഞ്ചായത്ത് ബസ്സ്റ്റാന്റ് നവീകരണം കരാറുകാരൻ- ബിനു ജോർജ് | 31 | 7378രൂ +ജി.എസ്.റ്റി 18% രൂ 1328/- | |

കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം തീയതി) മറുപടിയായി കാലിബാരൽ വില തിരികെ 1063036/29.9.21-ാം നം രസീത് പ്രകാരം നല്കിയതായി മറുപടി നൽകി. തുക സർക്കാർ ഫണ്ടിലേക്ക് അതാതു ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടി പ്ളമ്പിങ്ങും പെയിൻ്റിങ്ങും -പ്രവർത്തി നടപ്പാക്കാതെ പെയ്മെന്റ് നൽകി

പ്രോജക്ട് നം-114/20-21

വകയിരുത്തൽ -1,75,000/-

കരാറുകാരൻ -ബിനു ജോർജ്

എം ബുക്ക് നം-13/20-21

മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടിയിൽ പ്ലംബിഗും പെയിന്റിംഗും ഉൾപ്പെടുന്ന പ്രവർത്തി വിഭാവനം ചെയ്ത് 02.11.2020 ൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും 06.01.2021 ൽ പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് വേളയിൽ 24.09.21 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനത്തിന്റെ ഭിത്തികളിലും മറ്റ് ഭാഗങ്ങളിലും അടുത്തകാലത്തൊന്നും പെയിൻ്റിങ്ങ് നടത്തിയിട്ടില്ലാത്തതായും പെയിൻ്റിങ്ങ് കാലപ്പഴക്കത്താൽ നിറം മങ്ങിയതായും ബോദ്ധ്യപ്പെട്ടു. പെയിൻ്റിങ്ങ്പൂർത്തിയാക്കിയതായി ഫയലിൽ പറയുന്ന 02.11.20ന് ശേഷം എട്ടുമാസത്തിനുള്ളിലാണ് ഈ അവസ്ഥ എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 29.12.2019ൽ നടന്ന അംഗനവാടി ഉദ്ഘാടത്തിന് ശേഷം അടുത്തകാലത്തൊന്നും പെയിൻ്റിങ്ങോ മറ്റ് പ്രവർത്തികളോ നടത്തിയിട്ടില്ലന്ന് അംഗനവാടി ടീച്ചർ വാക്കാൽ അറിയിക്കുകയും ചെയ്തു. പ്രവർത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം.ബുക്ക് പേജ് നം | നടത്തിയ നിർമ്മാണത്തിന്റെ | | കരാറുകാരന് നൽകിയ നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| | ഇനം | അളവ് | | |
| 1 | 2 | 3 | 4 | 5=3x4 |
| 1 | എർത്ത് വർക്ക് എക്സ്കവേഷൻ | 0.157ഘന.മീ | 229.52/ ഘന.മീ | 36.03 |
| 3 | സിമന്റ് കോൺക്രീറ്റിങ്ങ് | 0.18ഘന.മീ | 6176.71/ ഘന മീ | 728.85 |
| 4 | സോളിഡ് ബ്ലോക്ക് മസൂണറി | 0.184ഘന.മീ | 5365.2/ ഘന മീ | 987.20 |
| 5 | 12എം എം സിമന്റ് പ്ലാസ്ററർ | 26.474ച മീ | 295.45/ച മീ | 7821.74 |
| 7 | റെയിൻ വാട്ടർ പൈപ്പ് ഘടിപ്പിക്കൽ | 47മീ | 326/മീ | 15322 |
| 8 | സ്ററീൽ വർക്ക് | 47.160കിലോ | 112..48/ കിലോ | 5304.56 |
| 9 | സിമന്റ് കോൺക്രീറ്റിങ്ങ്1:2:4 | 2.178ഘന മീ | 7561.25/ ഘന മീ | 16468.40 |
| 11 | പി.വി.സി പൈപ്പ് ഘടിപ്പിക്കൽ25എം.എം | 9.0 മീ | 199.89/മീ | 1799.01 |
| 13 | പി.വി.സി പൈപ്പ് ഘടിപ്പിക്കൽ50എം.എം | 8.0മീ | 278.63/മീ | 2229.04 |
| 16 | ഫിനിഷിങ്ങ് വാൾസ് വിത്ത് ടെക്സ്ചേർഡ് എക്സ്റ്റീരിയർ പെയിൻ്റ് | 486.96ച. മീ | 207.79/ച.മീ | 101185.41 |
| 17 | ഫിനിഷിങ്ങ് വിത്ത് എപോക്സിപെയിൻ്റ് | 4.050ച. മീ | 168.96/ച.മീ | 684.29 |
| ആകെ<br>ടെണ്ടർ കുറവ് 0.001% | | | | 152566.533/-<br>1.56<br>1,52,564.97 |

പെയ്മെന്റ് വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവർത്തിമൂല്യം-152565/-

+ജി.എസ്.റ്റി 12% -18308/-

ആദായനികുതി-1526/-

നി.തൊ.ക്ഷേമനിധി- 1510/-

സെസ്സ് -16

ജി.എസ്.റ്റി 2%- 3052/-

കരാറുകാരന് - 164769/-

ബിൽനം-94/20-21 തീയതി 27.02.21 തുക 1,70,873/-

അടുത്തകാലത്തൊന്നും പെയിൻ്റിങ്ങോ മറ്റ് പ്രവർത്തികളോ നടത്തിയിട്ടില്ലാത്ത കെട്ടിടത്തിന്റെ പ്ളംപിങ്ങിനും പെയിന്റിങ്ങിനും പണം ചെലവഴിച്ചതായി രേഖയുണ്ടാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്ന്ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രസ്തുത പ്രവർത്തി 29.12.2019ൽ നടന്ന അംഗൻവാടി ഉദ്ഘാടത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തിയാണെന്നും ഈ തുക പിന്നീട് നൽകിയതാണെന്നും മറുപടി നൽകുകയും എക്സിറ്റ് മീറ്റിങ്ങിൽ ഭരണസമിതി അംഗങ്ങളും അസിസ്റ്റൻ്റ് എഞ്ചിനീയറും യോഗത്തെ അറിയിക്കുകയുമുണ്ടായി.എന്നാൽ 29.12.2019ൽ നടന്ന അംഗനവാടി ഉദ്ഘാടത്തിനോടനുബന്ധിച്ച് നടത്തിയ പ്രവർത്തി 02.11.2020 ൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും 06.01.2021 ൽ പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തതായി രേഖയുണ്ടാക്കി കരാറുകാരന് നിയമവിരുദ്ധമായി നൽകിയ തുക രൂ 1,70,873/- ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ നടന്ന ക്രമ പ്രകാരമല്ലാത്ത നടപടികളിന്മേൽ വിശദമായ അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 വിവിധ സ്കൂളുകളിൽ സ്ഥാപിച്ച തുമ്പൂർമൊഴി കംപോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

2020-21വർഷം പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ തുമ്പൂർമൊഴി വേസ്റ്റ് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ച് നിർമ്മാണം പൂർത്തിയാക്കി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വകയിരുത്തൽ 3,00,000/-, 4,75,000/-വീതം

ഭരണാനുമതി 2(1)/28.02.2020

ഫണ്ടിനം-സംസ്ഥാനാവിഷ്കൃതഫണ്ട് (ശുചിത്വ മിഷൻ ഫണ്ട്), തനത് ഫണ്ട്

| പദ്ധതിയുടെ പേര് | പദ്ധതി നം | കരാറുകാരൻ | എം ബുക്ക് നം | വൗച്ചർ നം,ചെക്ക് നം/തീയതി | തുക | യൂണിറ്റ് എണ്ണം |
|---|---|---|---|---|---|---|
| സി.എം.എസ്.എൽ പി.എസ് ഇടമല | 216/20-21 | ബിനു ജോർജ് | 95/19-20 | 220010041,52000802/ 31.03.21 | 2,99,959/- | 1 യൂണിറ്റ് |
| സെന്റ് അഗസ്റ്റ്യൻ ഹൈസ്കൂൾ,പെരിങ്ങുളം | 213/20-21 | ബിനു ജോർജ് | 92/19-20 | 220001039,22001038/ 31.03.21 | 2,97,672/- | 1 യൂണിറ്റ് |
| സെന്റ്ജോസഫ്സ് എൽ.പി.സ്കൂൾ കുന്നോന്നി | 214/20-21 | ബിനു ജോർജ് | | 22001042,22001043/ 31.033.21 | 299924/- | 1 യൂണിറ്റ് |
| സെന്റ്ജോസഫ്സ് യു.പി.സ്കൂൾ മലയിഞ്ചിപ്പാറ | 215/20-21 | ബിനു ജോർജ് | 40/20-21 | 22001045,220010444/ 31.03.21 | 2,99,940/- | 1 യൂണിറ്റ് |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സെന്റ് മേരീസ് എൽ.പി.സ്കൂൾ അടിവാരം | 217/20-21 | ബിനു ജോർജ് | 93/19-20 | 2200011037/31.03.21 | 2,99,819/- | 1 യൂണിറ്റ് |
| സെന്റ് ആന്റണീസ് ഹയർ സെക്കൻ്ററീസ് സ്കൂൾ | 212/20-21 | ബിനു ജോർജ് | 96/19-20 | 22000336,22000338//16.09.20 | 4,74,772/- | 1 യൂണിറ്റ് |

ഓഡിറ്റ് വേളയിൽ 09.09.21 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്കൂളുകളിലെ യൂണിറ്റുകളൊന്നും പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. സ്കൂളുകളിൽ ക്ലാസുകൾ ഇല്ലാത്തത് ഒരു കാരണമാണെങ്കിലും യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ സൂക്ഷ്മ ജീവികളടങ്ങിയ ഇനോക്കുലവും ഇത് കലർത്തി മാലിന്യത്തിനൊപ്പം മിക്സ് ചെയ്യേണ്ടതിനാവശ്യമായ ചകിരിച്ചോറും പദ്ധതിയിൽ ഉൾപ്പെടുത്തുകയോ വാങ്ങുകയോ ചെയ്തതായി കാണുന്നില്ല. ഇവയുടെ അഭാവത്തിൽ യൂണിറ്റുകൾ എങ്ങനെ പ്രവർത്തനക്ഷമമാക്കുമെന്നത് വ്യക്തമാക്കേണ്ടതാണന്ന്ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നമ്പർ 4/25.09.21 ന് മറുപടി ലഭ്യമാക്കിയതിൽ സ്കൂളുകൾ തുറക്കുന്നതിനൊപ്പം പദ്ധതി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇനോക്കുലം ലഭ്യമാക്കി പ്രവർത്തനമാരംഭിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികൾ-കരാറുകാർ മത്സരാധിഷ്ഠിതമല്ല

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ ക്ഷണിച്ച നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 'ടെണ്ടർ രജിസ്ററർ പ്രകാരം 83 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചു. 15 പ്രവർത്തികളിലൊഴികെ 68 എണ്ണത്തിനും കരാർ സമർപ്പിച്ചത് ബിനു ജോർജ്, ജോമിമാത്യൂ എന്നീ രണ്ട് കരാറുകാർ മാത്രമാണ്. മാത്രമല്ല ജോമി മാത്യു എന്ന കരാറുകാരൻ എല്ലാ പ്രവർത്തികളിലും എസ്ററിമേറ്റ് നിരക്കാണ് ക്വോട്ട് ചെയ്തത്. അതേ സമയം ബിനു ജോർജ് എല്ലാ പ്രവർത്തികളിലും 0.01% ടെണ്ടർ ബിലോയൊ അതിലും കുറവോ മാത്രമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. . 2019-20 വർഷത്തിലും ഇതേ അപാകങ്ങൾ നിലനിൽക്കുന്നു. പ്രവൃത്തികളുടെ ഗുണനിലവാരവും സാമ്പത്തികലാഭവും ഉറപ്പാക്കുന്നതിന് കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതാണ് ഉത്തമം എന്നതിനാൽ കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതിനാവശ്യമായ വ്യാപക പരസ്യം നൽകുന്നതു പോലുള്ള നടപടികൾ എല്ലാ പ്രവർത്തികൾക്കും ഇ ടെണ്ടർ നടപടികൾ മുതലായവ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-22 എ.ബി.സി. പ്രോഗ്രാം- പ്രോജക്റ്റ് സംബന്ധിച്ച്

വെറ്ററിനറി സർജൻ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 210000/ രൂപ ബിൽ നമ്പർ 4/20-21 20.10.20 പ്രകാരം പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള തുകയാണ് ഒടുക്കുന്നത്, ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എത്രമാത്രം തെരുവ് നായ്ക്കൾ വന്ധ്യംകരിക്കുന്നതിനുണ്ട് എന്ന് കണക്കെടുപ്പിന്റെ അടിസ്ഥാനത്തിലാണോ തുക ഒടുക്കുന്നത് എന്നും വ്യക്തമല്ല. പ്രോജക്റ്റ് പ്രകാരം ഒടുക്കിയ തുക പ്രകാരം തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 14 /20-21 ന് ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ഓഫീസിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഹാരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ 210000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പശുവളർത്തൽ- പദ്ധതി അപാകതകൾ

വെറ്ററിനറി സർജൻ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 385000/ രൂപ ബിൽ നമ്പർ 7/19-20, 9/19-20, 12/19-2- എന്നിവ പ്രകാരം പിൻവലിച്ച് 14 ഗുണഭോക്താക്കൾക്ക് കറവ പശുവിനെ വാങ്ങുന്നതിനായി സബ്സിഡി ഇനത്തിൽ 27500/ രൂപ വീതം

നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വാങ്ങുന്ന പശുക്കളെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം ഇൻഷ്വർ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം വാങ്ങിയ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-21 ന് ലഭ്യമാക്കിയമറുപടിയിൽ ഇൻഷ്വറൻസ് തുക അടച്ചിട്ടുള്ളതാണ് എന്നും പോളിസികൾ ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ടി പോളിസികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**<u>1-24 എസ്.റ്റി. ഭൂരഹിത ഭവനരഹിത ഗുണഭോക്താവിന് സ്ഥലം വാങ്ങൽ - അപാകതകൾ</u>**

2020-21 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ( നമ്പർ81/21) പ്രകാരം ടി.എസ്.പി. ഫണ്ടിൽ നിന്നും 225000/ രൂപ ചെലവഴിച്ച് (ബിൽ നമ്പർ10/20-21/13.01.21) ശ്രീ.ശശി.എൻ.ജി, നിരപ്പേൽ, ചോലത്തടം എന്നയാൾക്ക് പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസിലെ 06.11.2020 തീയതിയിലെ 1208/1/ 2020 നമ്പർ ആധാരപ്രകാരം 10 സെന്റ് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൂഞ്ഞാർ തെക്കേക്കര വില്ലേജ് ഓഫീസറുടെ 25.10.2019 തീയതിയിലെ 756/19നമ്പർ സാക്ഷ്യപത്രപ്രകാരം ശ്രീ.ശശി.എൻ.ജി, നിരപ്പേൽ എന്നയാൾ ഉൾപ്പെടുന്ന കുടുംബത്തിന് ഈ വില്ലേജിൽ 2.02ആർ സ്ഥലം സ്വന്തമായുണ്ട് എന്ന് വ്യക്തമാക്കിയിരുന്നു. പിന്നീട് ടി സാക്ഷ്യപത്രത്തിന്റെ മറുപുറത്ത് ഉരുൾപോട്ടൽ മൂലം പ്രസ്തുത സ്ഥലത്തിന് രൂപമാറ്റം സംഭവിച്ചു എന്ന് രേഖപ്പെടുത്തി നൽകി ( തീയതി രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ ടി വിഷയം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കുകയോ, ഫയലിൽ സ്ഥല സന്ദർശനം നടത്തിയതായുള്ള രേഖപ്പെടുത്തലുകൾ പോലും ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) 24.09.21 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ വാങ്ങിയ സ്ഥലത്ത് നടത്തിയ പരിശോധനയിൽ വാങ്ങിയ സ്ഥലം റോഡിൽ നിന്നും 15 -20 അടി താഴ്ചയിലുള്ളതും 50 ഡിഗ്രിയിലതികം ചരിവുള്ള ചെങ്കുത്തായ സ്ഥലമാണ് എന്ന് കണ്ടു. മാത്രമല്ല ഗുണഭോക്താവിന്റെ ഉടമസ്ഥതയിൽ ഉള്ളതും ഉരുൾപോട്ടലിൽ രൂപമാറ്റം സംഭവിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള സ്ഥലവും, വാങ്ങിയ സ്ഥലവും ഒരേ ബ്ലോക്കിൽ ഒരേ സർവ്വേ നമ്പരിൽ ഉൾപ്പെട്ടസ്ഥലമാണ്. പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് ഒരു ഗുണഭോക്താവിന് സ്ഥലം വാങ്ങി നൽകുമ്പോൾ പുലർത്തേണ്ട ജാഗ്രത പുലർത്തിയതായി കാണുന്നില്ല.

3) ഗുണഭോക്താവിന് വാങ്ങി നൽകിയ സ്ഥലത്ത് വീട് പണിയണം എങ്കിൽ വളരെയധികം രൂപ ചെലവഴിച്ച് സംരക്ഷണഭിത്തി നിർമ്മിച്ച് സ്ഥലം ലവൽ ചെയ്യേണ്ടിയിരിക്കുന്നു. അതിനുള്ള ഭാരിച്ച പണച്ചെലവ് ഗുണഭോക്താവ് കണ്ടെത്തിയാൽ മാത്രമേ ഭവന നിർമ്മാണം ആരംഭിക്കുവാൻ സാധിക്കു. ഉരുൾപൊട്ടൽ ഭീഷണിയുള്ളതും 50 ഡിഗ്രിയിലതികം ചരിവുള്ളതുമായ സ്ഥലത്ത് വീട് പണിയുന്നതിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തിയിട്ടില്ല.

4) ഗുണഭോക്താവിന് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് 40000/ രൂപ ( 23/20-21/ 12.03.21) അഡ്വാൻ നൽകി ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിരുന്നു. 23.03.21 തീയതിയിലെ ബിൽ നമ്പർ 34/20-21 പ്രകാരം ടിയാൾക്ക് 100000/ രൂപ അടുത്ത ഗഡുവായി അനുവദിച്ചിട്ടുണ്ട്.ലൈഫ് മിഷൻ വ്യവസ്ഥകൾ പ്രകാരം അഡ്വാൻസ് വാങ്ങുന്ന ഗുണഭോക്താവ് തറനിർമ്മാണം പൂർത്തീകരിച്ച് രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയും, നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചതിന് ശേഷമാണ് അടുത്ത ഗഡു അനുവദിക്കേണ്ടത്. ഇപ്രകാരമുള്ള നടപടികൾ പാലിക്കാതെയാണ് ടിയാൾക്ക് 100000/ രൂപ അനുവദിച്ചിട്ടുള്ളത്. 140000/ രൂപ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം നടത്തുന്നതിനുള്ള യാതൊരു നടപടികളും തുടങ്ങിയിട്ടില്ല എന്ന് 24.09.21 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ വാങ്ങിയ സ്ഥലത്ത് നടത്തിയ പരിശോധനയിൽ വ്യക്തമായി.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/20-21) ലഭ്യമാക്കിയ മറുപടിയിൽ ഭൂരഹിത ഭവനരഹിതപദ്ധതിയിൽ മിനിമം 3സെന്റ് സ്ഥലം നൽകണമെന്നേ പറഞ്ഞിട്ടുള്ളൂ. പരമാവധി സ്ഥലത്തിന്റെ അളവ് പറഞ്ഞിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

റവന്യൂ അധികാരിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങി നൽകുവാനുള്ള തുടർനടപടി സ്വീകരിക്കുകയാണുണ്ടായത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ സ്ഥലം സന്ദർശിച്ച് ഭരണസമിതിക്ക് റിപ്പോർട്ട് നൽകുന്നതിനുള്ള സാവകാശം ലഭിച്ചില്ല എന്ന് മറുപടിയിൽ വ്യക്തമാക്കുന്നു. ഗുണഭോക്താവിന്റെ സ്വന്തം ചെലവിൽ സംരക്ഷണഭിത്തി നിർമ്മിച്ച് കെട്ടിടം പണി നടത്തുമെന്ന ഉറപ്പിലാണ് പ്രസ്തുത സ്ഥലം വാങ്ങി നൽകിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സമൂഹത്തിലെ ഏറ്റവും പാർശ്വവൽകരിക്കപ്പെട്ട വിഭാഗമായ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഫണ്ട് ഉപയോഗിക്കുന്നതിൽ പുലർത്തേണ്ട ജാഗ്രത നിർവ്വഹണ ഉദ്യോഗസ്ഥ പുലർത്തിയിട്ടില്ല. വാങ്ങി നൽകിയ സ്ഥലത്ത് ഭവനനിർമ്മാണം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

ഗുണഭോക്താവ് കരാറിലേർപ്പെട്ട് 40000/ രൂപ അഡ്വാൻസ് കൈപ്പറ്റിയതിനൊപ്പം ജില്ലാ പഞ്ചായത്ത് വിഹിതവും അനുവദിച്ചു എന്നും, തുക നൽകിയില്ലെങ്കിൽ തുക ലാപ്സാകുമായിരുന്നു എന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതുമല്ല. ലൈഫ് മിഷൻ വ്യവസ്ഥകൾ പ്രകാരം അഡ്വാൻസ് വാങ്ങുന്ന ഗുണഭോക്താവ് തറനിർമ്മാണം പൂർത്തീകരിച്ച് രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയും, നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചതിന് ശേഷമാണ് അടുത്ത ഗഡു അനുവദിക്കേണ്ടതും. ഇപ്രകാരമുള്ള നടപടികൾ പാലിക്കാതെയാണ് ടിയാൾക്ക് 100000/ രൂപ അനുവദിച്ചിട്ടുള്ളത്. 23.03.21 ൽ 100000/ രണ്ടാം ഗഡു അനുവദിച്ചിട്ടും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അനുവദിച്ച തുക പലിശ സഹിതം ഈടാക്കേണ്ടതാണ്. അഡ്വാൻസ് ആയി അനുവദിച്ച 140000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 മൂല്യനിർണ്ണയം നടത്താതെ സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക വിഭാഗം മൂല്യനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കേണ്ട ഏതാനും പ്രോജക്ടുകൾക്ക് അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് വിവരങ്ങൾ | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | 219/21 പുതിയ തുറന്ന കിണർ (പൊതുവിഭാഗം) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30000/ രൂപ | 2/20-21/ 25.2.21<br>14/20-21/15.1.21 |
| 2 | 218/21തുറസ്സായകുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (പൊതുവിഭാഗം) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6000/ രൂപ | 13/20-21/15.1.21 |
| 3 | 237/21മഴവെള്ള സംഭരണി നിർമ്മാണം വ്യക്തിഗതം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 25000/ രൂപ | 44/20-21/ 31.3.21<br>33/20-21/19.3.21 |
| 4 | 235/21 തുറസ്സായകുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 66000/ രൂപ | 24/20-21/12.3.21 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 234/21 വ്യഗ്തിഗത കക്കൂസ് നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 646800/ രൂപ | 17/20-21/11.2.21<br>28/20-21/246400<br>37/20-21/28.3.21 |
| | ആകെ | | 773800/ | |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ12/20-21 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണത്തിൽ വന്ന പോരായ്മ മനപൂർവ്വമല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. സാങ്കേതിക വിഭാഗം പരിശോധിച്ച് നൽകുന്ന മൂല്യനിർണ്ണയസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട സബ്സിഡി അപ്രകാരമുള്ള നടപടികൾ നടത്താതെ അനുവദിച്ചത് ക്രമപ്രകാരമല്ല . 773800/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 ഭവനപുനരുദ്ധാരണം (ജനറൽ) – വകയിരുത്തിയ മുഴുവൻ തുകയും അഡ്വാൻസ് നൽകി**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ( നമ്പർ76/21) വികസന ഫണ്ടിൽ നിന്നും 1770000/രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ഒരു ഗുണഭോക്താവിന് വകയിരുത്തിയത് 30000/രൂപയാണ്.ബിൽ നമ്പർ 15/20-21/ 11.02.21 പ്രകാരം 660000/ രൂപ പിൻവലിച്ച് 22 ഗുണഭോക്താക്കൾക്കും, ബിൽ നമ്പർ 36/20-21/28.03.2 1 പ്രകാരം 1110000/ രൂപ പിൻവലിച്ച് 37 ഗുണഭോക്താക്കൾക്കും വിതരണം ചെയ്തിട്ടുണ്ട്. 59 ഗുണഭോക്താക്കളുടേയും ഫയലിൽ 08.09.2021 തീയതിയിൽ മൂല്യനിർണ്ണയം നടത്തിയതിന്റെ സർട്ടിഫിക്കറ്റാണ് സൂക്ഷിച്ചിട്ടുള്ളത്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവനപുനരുദ്ധാരണത്തിന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്ന ഗുണഭോക്താവിന് വകയിരുത്തൽ തുകയുടെ 50% അഡ്വാൻസായി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രസ്താവിച്ച പ്രോജക്ടിനായി വകയിരുത്തിയ മുഴുവൻ തുകയും സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അഡ്വാൻസായി നൽകി. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/20-21 ന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വകയിരുത്തിയ മുഴുവൻ തുകയും ഭവനപുനരുദ്ധാരണത്തിന് മുൻകൂർ നൽകിയത് ക്രമപ്രകാരമല്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുള്ളത് 08.09.21 ൽ മാത്രമാണ്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-27 176/21 വീട് വാസയോഗ്യമാക്കൽ പ്രോജക്ട് സംബന്ധിച്ച്**

2020-21 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 18000/ രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നാല് ഗുണഭോക്താക്കൾ 2019-20 സാമ്പത്തിക വർഷം അഡ്വാൻസ് കൈപ്പറ്റിയിരുന്നവരാണ്. ഫയൽ പരിശോധിച്ചതിൽ സാങ്കേതിക വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ വീടുകൾക്ക് പ്രകൃതി ദുരന്തം മൂലമുണ്ടായ നാശനഷ്ടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല പ്രസ്തുത സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾക്ക് സമർപ്പിക്കുന്നതിനായി നൽകിയിട്ടുള്ളതാണ്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ11/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണത്തിൽ വന്ന പോരായ്മ മനപൂർവ്വമല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. റവന്യൂ വകുപ്പിൽ നിന്നും പ്രകൃതി ദുരന്തം മൂലമുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം നേടുന്നതിനായി ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല ടി കാലയളവിൽ ഇതേ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 180000/രൂപ ( Bill-4/20-21/ 27.07.20) തടസ്സപ്പെടുത്തുന്നു.

**1-28 പ്രോജക്ട് നമ്പർ 94/ 21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് സംബന്ധിച്ച്**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 4ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നമ്പർ 7/20-21/ 10.03.21 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 110800/ രൂപ ( ബിൽ നമ്പർ 7/20-21 /10.3.21) ചെലവഴിച്ചിട്ടുണ്ട്. ലാപ് ടോപ്പ് വിതരണം ചെയ്തതിൽ മജേഷ്.സി.മോഹനൻ, ചെറുതോട്ടായിൽ, ചോലത്തടം എന്ന ഗുണഭോക്താവ് ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് ശ്രീവിഷ്ണു കോളേജ് ഓഫ് നഴ്സിംഗ് എന്ന സ്ഥാപനത്തിൽ പഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലാപ് ടോപ്പ് അനുവദിക്കുവാൻ സാധിക്കുകയുള്ളു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഒരു ലാപ് ടോപ്പിന്റെ വിലയായ 27700/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-29 പ്രോജക്ട് നമ്പർ 99/ 21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് സംബന്ധിച്ച്**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 5ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 4/20-21/ 16.02.21 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 80000/ രൂപ പിൻവലിച്ച് നാല് ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. ബിൽ നമ്പർ 6/20-21/ 10.03.21 പ്രകാരം 20000/ രൂപ പിൻവലിച്ച് ശ്രീമതി, അപർണ സാബു, കോട്ടപ്പുറം എന്ന ഗുണഭോക്താവിന് നൽകി. പിന്നീട് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ പ്രോജക്ട് ലിസ്റ്റിൽ ആകെ 12 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നെന്നും ഇതിൽ 8 പേരും അനർഹരായിരുന്നു എന്നും മറ്റ് നാലുപേർക്കും ആനുകൂല്യം നൽകി എന്നും , ആയതിനാൽ ശ്രീമതി, അപർണ സാബു, കോട്ടപ്പുറം എന്ന ഗുണഭോക്താവിനെ ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കണം എന്നും അറിയിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഒരാൾക്ക് ആനുകൂല്യം നൽകണമെങ്കിൽഗുണഭോക്താവ് പഞ്ചായത്ത് കമ്മറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും, ഭരണസമിതി ഇതിന് അംഗീകാരം നൽകി നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്താൽ മാത്രമേ ആനുകൂല്യം നൽകാവൂ. മാത്രമല്ല ഇപ്രകാരമുള്ള വിഷയം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച്അംഗീകാരം നേടുകയും വേണം. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/20-21 ന് ലഭ്യമാക്കിയ മറുപടിയിൽ തൊട്ടടുത്ത ഗ്രാമസഭയിൽ ലിസ്റ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 20000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 പ്രോജക്ട് നമ്പർ 92/ 21 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പ്രോജക്ട് സംബന്ധിച്ച്**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിനായി ബിൽ നമ്പർ 8/20-21/ 20.03.21 പ്രകാരം ടി. എസ്.പി. ഫണ്ടിൽ നിന്നും 27700/ രൂപ ചെലവഴിച്ച് ഒരു ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിലവിലുണ്ടായിരുന്ന അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ആരും ലാപ് ടോപ്പ് നൽകുവാൻ അർഹതയുള്ള കോഴ്സിനല്ല പഠിക്കുന്നത് എന്നുകണ്ടതിനാൽ സ്റ്റെല്ലാ ജോണിക്കുട്ടി, ഇട്ടിക്കുന്നേൽ എന്ന ഗുണഭോക്താവിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലാപ്ടോപ്പ് അനുവദിച്ചതായി കാണുന്നു. ഇത് ക്രമപ്രകാരമല്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഒരാൾക്ക് ആനുകൂല്യം നൽകണമെങ്കിൽഗുണഭോക്താവ് പഞ്ചായത്ത് കമ്മറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും, ഭരണസമിതി ഇതിന് അംഗീകാരം നൽകി നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്താൽ മാത്രമേ ആനുകൂല്യം നൽകാവൂ. മാത്രമല്ല ഇപ്രകാരമുള്ള വിഷയം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച്അംഗീകാരം നേടുകയും വേണം. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ലാപ് ടോപ്പ് വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/20-21 ന് ലഭ്യമാക്കിയ മറുപടിയിൽ തൊട്ടടുത്ത ഗ്രാമസഭയിൽ ലിസ്റ്റ് അംഗീകരിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 27700/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 ആയുർവേദാശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

പ്രോജക്ട് നം. -89/20-21 – ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ

അടങ്കൽ - 300000 – മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 300000 – മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം

ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം. 1/20-21 തീയതി 28.01.2021 പ്രകാരം 300000/- രൂപ മാനേജിംഗ് ഡയറക്ടർ, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള ലിമിറ്റഡിന്റെ (ഔഷധി) അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, 293935/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമാകുന്നതുവരെ ബാക്കി 6065/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല**

പ്രോജക്ട് നം. -19/20-21 -ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ

അടങ്കൽ - 200000 – മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 200000 – മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം. 1/20-21 തീയതി 20.01.2021 പ്രകാരം 200000/- രൂപ മാനേജിംഗ് ഡയറക്ടർ, HOMCO യുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ 66058/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ ബാക്കി 133942/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 കുടുംബശ്രീവഴി നടപ്പാക്കിയ അഗതിരഹിത കേരളം ചലഞ്ച്ഫണ്ട് വിനിയോഗവിവരം**

2020-21വർഷം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിന് പഞ്ചായത്തിൽ നിന്ന് ലഭ്യമായ ചലഞ്ച്ഫണ്ട് വിവരം ചുവടെ ചേർക്കുന്നു.

| തീയതി | തുക /പഞ്ചായത്ത് വൗച്ചർനം | കുടുംബശ്രീ ബാങ്ക് അക്കൗണ്ട് നം | അക്കൗണ്ടിൽ വന്ന തീയതി | വിഭാഗം |
|---|---|---|---|---|
| 18.08.20 | 408355/22000272 | സെന്ട്രൽ ബാങ്ക്3750087486 | 24.08.20 | ജനറൽ |
| „ | 7,17,433/22000273 | ഗ്രാമീൺ ബാങ്ക് 40668101048210 | 19.08.20 | എസ്.ടി |

അക്കൗണ്ടിൽ നിന്നും അഗതിരഹിത കേരളം ഭക്ഷണക്കിറ്റ് വിതരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | ജനറൽ | എസ്.റ്റി |
|---|---|---|
| പ്രാരംഭ ബാക്കി | 1462137 | 0(പുതുതായി ആരംഭിച്ച അക്കൗണ്ട്) |
| ചലഞ്ച്ഫണ്ട് | 408355 | 717433 |
| പലിശ | 47176 | 9661 |
| ആകെ | 1917668 | 727094 |
| | | |

| | | |
|---|---|---|
| ചെലവ് | 507108 | 74744 |
| ബാങ്ക് ചാർജ്ജ് | 18 | 0 |
| നീക്കിയിരുപ്പ് | 1410542 | 652350 |

## 1-34 വിനിയോഗവിവരം ലഭ്യമാക്കാത്തത്

2020-21 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ഥാപനങ്ങൾക്ക് നൽകിയ **16,55,000/-**രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക | നിർവ്വഹണഏജൻസി | ബിൽ നം / തീയതി |
|---|---|---|---|---|
| 1 | പ്രോജക്ട് നം 115/20-21 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 5,55,000/- | ഭൂജല വകുപ്പ് അക്കൗണ്ട് നം 708011400000051 | 34/20-21/10.02.2021 |
| 2 | പ്രോജക്ട് നം 263/20-21 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണവും അറ്റകുറ്റപ്പണിയും | 11,00,000 | ഭൂജല വകുപ്പ് അക്കൗണ്ട് നം 57049853994 | 38/20-21/16.02.2021 |
| ആകെ | | **16,55,000/-** | | |

വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 കോവിഡ് പ്രതിരോധം -അവലോകനം

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ചികത്സയും ആശ്വാസവും നൽകുന്നതിനായി പഞ്ചായത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ബോധവൽക്കരണം, അണുനശീകരണം, മാസ്ക്ക് വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുണ്ടായ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ബിൽനം /തീയതി | തുക |
|---|---|---|
| 1 | 11/12.06.20 | 2,32,315/- |
| 2 | 13/30.07.20 | 89,704/- |
| 3 | 18/07.10.20 | 52,524/- |
| ആകെ | | 374543/- |

ഒരു ഡോമിസിലിയറി കെയർ സെന്റർ (DCC) ഹോളിസ്പിരിറ്റ് പബ്ലിക് സ്കൂൾ, പയ്യാനിത്തോട്ടത്തിൽ പ്രവർത്തനം ആരംഭിച്ചെങ്കിലും രോഗികളുടെ എണ്ണം കുറവായതിനാൽ പ്രവർത്തനം നിർത്തിവയ്ക്കുകയാണുണ്ടായത്.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പോതുവെ തൃപ്തികരമായി നടത്തിയതായികാണുന്നു.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവായതിൽ 32,593/- ദുരന്തനിവാരണ വകുപ്പിൽ നിന്നും തിരികെ ലഭിച്ചത് 16.02.2021 ൽ ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് നം 799013000000117 ൽ വരവ് വന്നിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളിൽ തുമ്പൂർമൊഴി കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ പ്പെടുത്തി ക്രമപ്രകാരമല്ലാത്ത നിർമ്മാണം നടത്തിയതിനാൽ അധികച്ചെലവ്

2020-21വർഷം പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ സ്വകാര്യ മാനേജ്മെന്റ് വിഭാഗത്തിൽപ്പെട്ട സെന്റ് ആന്റണീസ് ഹയർ സെക്കൻററി സ്കൂളുകളിൽ ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് തുമ്പൂർമൊഴി വേസ്റ്റ് കംപോസ്റ്റ് യൂണിറ്റ് 2 യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതിരൂപീകരിച്ചു ടെണ്ടർ ക്ഷണിച്ച്20.06..2020 ൽ നിർമ്മാണം പൂർത്തിയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നം | കരാറുകാരൻ | എം ബുക്ക് നം | വൗച്ചർ നം,ചെക്ക് നം/തീയതി | തുക | യൂണിറ്റ് എണ്ണം |
|---|---|---|---|---|---|---|
| സെന്റ് ആന്റണീസ് ഹയർ സെക്കൻററീസ് സ്കൂൾ | 212/20-21 | ബിനു ജോർജ് | 96/19-20 | 22000336/16.09.20, 22000338/16.09.20 ,22000339/16.09.20 | 423261/- 47272/- 4239/- ആകെ 4,74,772/- | 2 യൂണിറ്റ് |

2എയിറോബിക്ക് കംപോസ്റ്റ് ബിന്നുകൾ അടങ്ങിയ 2യൂണിറ്റുകളും അവയ്ക്ക് പൊതുവായ ഷെൽറ്ററുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ശുചിത്വ മിഷന്റെ അംഗീകാരം ലഭ്യമാക്കാതെ പദ്ധതിയിൽ മാറ്റം വരുത്തിയതായി കാണുന്നു. ഓഡിറ്റ് വേളയിൽ 24.09.21 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ 2എയിറോബിക്ക് കംപോസ്റ്റ് യൂണിറ്റുകൾ അടങ്ങിയ ഒരു യൂണിറ്റ് മാത്രമാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു.കൂടാതെ എം.ബുക്ക് നം 96/19-20 പരിശോധിച്ചതിൽ സ്കൂൾ കോപൗണ്ടിൽ ഈ യൂണിറ്റുകൾക്ക് സമീപമായുള്ള ഒരു കുളത്തിന് സംരക്ഷണഭിത്തി നിർമ്മാണം നടത്തിയതായും ആയതിന്റെ അളവ്കൂടി എം.ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് പണം നൽകിയതായും ബോദ്ധ്യപ്പെട്ടു.പ്രസ്തുത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം.ബുക്ക് പേജ് നം | വ്യതിചലിച്ച് നടത്തിയ നിർമ്മാണത്തിന്റെ | | കരാറുകാരന് നൽകിയ നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| | ഇനം | അളവ് | | |
| 1 | 2 | 3 | 4 | 5=3x4 |
| 2 | എർത്ത് വർക്ക് എക്സ്കവേഷൻ( | 3.22+ | 380.48/ ഘന മീ | 1712.16 |

| | | | | |
|---|---|---|---|---|
| | സംരക്ഷണ ഭിത്തി പോണ്ട്) | 1.28=4.5.ഘന മീ | | |
| 4 | ഡ്രൈ റബിൾ വർക്ക് | 3.20ഘന മീ | 2647.29/ ഘന മീ | 8471.33 |
| 5 | റാണ്ടം റബിൾ വർക്ക് | 4.503ഘന മീ | 5470.10/ ഘന മീ | 24631.86 |
| 6 | ഡ്രൈ റബിൾ വർക്ക് വിത്തൗട്ട് കോൺക്രീറ്റിങ്ങ് | 6.636 ഘന മീ | 2647.29/ ഘന മീ | 17567.42 |
| 6 | റാണ്ടം റബിൾ വർക്ക് | 2.532+7.714-10.246ഘന മീ | 5470.10/ ഘന മീ | 56046.64 |
| 7 | സിമിന്റ് കോൺക്രീറ്റിങ്ങ് വെയറിങ്ങ് കോട്ട് | 0.198 ഘന മീ | 6795.81/ ഘന മീ | 1345.57 |
| ആകെ | | | | 1,09,774.98/- |

അധികമായി നൽകിയ തുക - 109774.98

+ ജി.എസ്.റ്റി 12% - 131722.99

ആകെ അധികമായിനൽകിയതുക– 1,22,947.97= **1,22,948/-**

പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന രീതിയിൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് സ്വകാര്യ മാനേജ്മെൻറ് സ്കൂളിൽ പദ്ധതിയുടെ നിർമ്മാണപ്രവൃത്തി നടത്തിയതിനായി എസ്റ്റിമേറ്റ് പുതുക്കിയതിന്റെ ഫലമായി പഞ്ചായത്ത്ഫണ്ടിനുണ്ടായ അധികച്ചെലവ് രൂപ **1,22,948/-** നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/2020-21/25.09.2021) മറുപടിയായി കുട്ടികളുടെ സുരക്ഷയെക്കരുതിയാണ് സംരക്ഷണഭിത്തി നിർമ്മിച്ചതെന്ന് മറുപടി നൽകി. എന്നാൽ ഒരു നൂറ്റാണ്ടായി പ്രവർത്തിച്ച് വരുന്ന സ്ഥാപനത്തിൽ നിലനിന്നിരുന്ന കുളം കുട്ടികളുടെ സുരക്ഷയ്ക്ക് 2020-21ൽ മാത്രം ഭീഷണിയായി എന്നത് സ്വീകാര്യമായ മറുപടിയായി കരുതാനാവില്ല. ആയതിനാൽ ക്രമവിരുദ്ധമായി ചെയ്ത പ്രവൃത്തിയുടെ ബിൽ ഇനത്തിൽ അധികമായി നൽകിയ തുക 122948/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാത്ത പക്ഷം സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുന്നു. പദ്ധതിക്കു ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുതകാത്ത പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനുത്തരവാദിയായിരിക്കുന്നതാണ്.

## **3-2 മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടി പ്ളമ്പിങ്ങും പെയിൻറിങ്ങും -പ്രവർത്തി നടപ്പാക്കാതെ പെയ്മെന്റ് നൽകി**

പ്രോജക്ട് നം-114/20-21

വകയിരുത്തൽ -1,75,000/-

കരാറുകാരൻ -ബിനുജോർജ്

എം ബുക്ക് നം-13/20-21

മലയിഞ്ചിപ്പാറ മോഡൽ അംഗൻവാടിയിൽ പ്ലംബിഗും പെയിന്റിംഗും ഉൾപ്പെടുന്ന പ്രവർത്തി വിഭാവനം ചെയ്ത് 02.11.2020 ൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും 06.01.2021 ൽ പ്രവർത്തി പൂർത്തിയാക്കുകയും

ചെയ്തു. എന്നാൽ ഓഡിറ്റ് വേളയിൽ 24.09.21 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനത്തിന്റെ ഭിത്തികളിലും മറ്റ് ഭാഗങ്ങളിലും അടുത്തകാലത്തൊന്നും പെയിൻറിങ്ങ് നടത്തിയിട്ടില്ലാത്തതായും പെയിൻറിങ്ങ് കാലപ്പഴക്കത്താൽ നിറം മങ്ങിയതായും ബോദ്ധ്യപ്പെട്ടു. പെയിൻറിങ്ങ്പൂർത്തിയാക്കിയതായി ഫയലിൽ പറയുന്ന 02.11.20ന് ശേഷം എട്ടുമാസത്തിനുള്ളിലാണ് ഈ അവസ്ഥ എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 29.12.2019ൽ നടന്ന അംഗനവാടി ഉദ്ഘാടത്തിന് ശേഷം അടുത്തകാലത്തൊന്നും പെയിൻറിങ്ങോ മറ്റ് പ്രവർത്തികളോ നടത്തിയിട്ടില്ലന്ന് അംഗനവാടി ടീച്ചർ വാക്കാൽ അറിയിക്കുകയും ചെയ്തു. പ്രവർത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം.ബുക്ക് പേജ് നം | നടത്തിയ നിർമ്മാണത്തിന്റെ | | കരാറുകാരന് നൽകിയ നിരക്ക് | കരാറുകാരന് നൽകിയതുക |
|---|---|---|---|---|
| | ഇനം | അളവ് | | |
| 1 | 2 | 3 | 4 | 5=3x4 |
| 1 | എർത്ത് വർക്ക് എക്സ്കവേഷൻ | 0.157ഘന.മീ | 229.52/ ഘന.മീ | 36.03 |
| 3 | സിമന്റ് കോൺക്രീറ്റിങ്ങ് | 0.18ഘന.മീ | 6176.71/ ഘന മീ | 728.85 |
| 4 | സോളിഡ് ബ്ലോക്ക് മസൂണറി | 0.184ഘന.മീ | 5365.2/ ഘന മീ | 987.20 |
| 5 | 12എം എം സിമന്റ് പ്ലാസ്ററർ | 26.474ച മീ | 295.45/ച മീ | 7821.74 |
| 7 | റെയിൻ വാട്ടർ പൈപ്പ് ഘടിപ്പിക്കൽ | 47മീ | 326/മീ | 15322 |
| 8 | സ്ററീൽ വർക്ക് | 47.160കിലോ | 112..48/ കിലോ | 5304.56 |
| 9 | സിമന്റ് കോൺക്രീറ്റിങ്ങ്1:2:4 | 2.178ഘന മീ | 7561.25/ ഘന മീ | 16468.40 |
| 11 | പി.വി.സി പൈപ്പ് ഘടിപ്പിക്കൽ25എം.എം | 9.0 മീ | 199.89/മീ | 1799.01 |
| 13 | പി.വി.സി പൈപ്പ് ഘടിപ്പിക്കൽ50എം.എം | 8.0മീ | 278.63/മീ | 2229.04 |
| 16 | ഫിനിഷിങ്ങ് വാൾസ് വിത്ത് ടെക്സ്ചേർഡ് എക്സ്റ്റീരിയർ പെയിൻറ് | 486.96ച. മീ | 207.79/ച.മീ | 101185.41 |
| 17 | ഫിനിഷിങ്ങ് വിത്ത് എപോക്സിപെയിൻറ് | 4.050ച. മീ | 168.96/ച.മീ | 684.29 |
| ആകെ<br>ടെണ്ടർ കുറവ് 0.001% | | | | 152566.533/-<br>1.56<br>1,52,564.97 |

പെയ്മെന്റ് വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവർത്തിമൂല്യം-152565/-

+ജി.എസ്.റ്റി 12% -18308/-

ആദായനികുതി-1526/-

നി.തൊ.ക്ഷേമനിധി- 1510/-

സെസ്സ് -16

ജി.എസ്.റ്റി 2%- 3052/-

കരാറുകാരന് - 164769/-

ബിൽനം-94/20-21 തീയതി 27.02.21 തുക 1,70,873/-

അടുത്തകാലത്തൊന്നും പെയിൻറിങ്ങോ മറ്റ് പ്രവർത്തികളോ നടത്തിയിട്ടില്ലാത്ത കെട്ടിടത്തിന്റെ പ്ളംപിങ്ങിനും പെയിന്റിങ്ങിനും പണം ചെലവഴിച്ചതായി രേഖയുണ്ടാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്ന്ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രസ്തുത പ്രവർത്തി 29.12.2019ൽ നടന്ന അംഗൻവാടി ഉദ്ഘാടത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തിയാണെന്നും ഈ തുക പിന്നീട് നൽകിയതാണെന്നും മറുപടി നൽകുകയും എക്സിറ്റ് മീറ്റിങ്ങിൽ ഭരണസമിതി അംഗങ്ങളും അസിസ്ററൻറ് എഞ്ചിനീയറും യോഗത്തെ അറിയിക്കുകയുമുണ്ടായി.എന്നാൽ 29.12.2019ൽ നടന്ന അംഗനവാടി ഉദ്ഘാടത്തിനോടനുബന്ധിച്ച് നടത്തിയ പ്രവർത്തി 02.11.2020 ൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും 06.01.2021 ൽ പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തതായി രേഖയുണ്ടാക്കി കരാറുകാരന് നിയമവിരുദ്ധമായി നൽകിയ തുക രൂ 1,70,873/- ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ നടന്ന ക്രമ പ്രകാരമല്ലാത്ത നടപടികളിന്മേൽ വിശദമായ അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 29.09.2021 | സർട്ടിഫിക്കറ്റ് ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 20-21 | 100000 | സുഭിക്ഷകേരളം-സ്ഥിരം കൃഷിക്ക്കൂലിച്ചെലവ് സബ്സിഡി | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | | 40000 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 40000 | |
| ബ്ളോക്ക് പഞ്ചായത്ത് | | 90000 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 90000 | 0 |
| ബ്ളോക്ക് | 20-21 | 150000 | പാലിന് സബ്സിഡി | 150000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 200000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (163/21) | 3/20-21/ 11.05.20 | 823531 | 823531 | 0 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം (115/21) | 34/20-21/ 10.2.21 | 550000 | - | 550000 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണവുംനിലവിലുള്ളവയുടെ അറ്റകുറ്റപ്പണിയും (263/21) | 38/20-21/26.2.21 | 1100000 | - | 1100000 |
| ഭൂജല വകുപ്പ് | അനങ്ങുംപടി ഭാഗത്ത്കുഴൽകിണർ നിർമ്മാണം (200/21) | 1/20-21/ 21.4.20 | 82500 | - | 82500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | ജി.ഒ. (എം.എസ്) | | 9984706 | 848706 | | 9136000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദ്ധതി KURDFC | 68/2018, 18.05.2018 ജി.ഒ. (എം.എസ്) 100/2018, 30.07.2018 | | | | | |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**( എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73829594 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65487059 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 293821 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3289207 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 122948 | ശ്രീമതി.ചിത്ര എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-2 | | 170873 | ശ്രീമതി.സുർക്കി റ്റി എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) |
| ആകെ | | 293821 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 210000 | ഡോ.ബിനോയ് ജോസഫ്, |

| | | |
|---|---|---|
| | | വെറ്ററിനറി സർജൻ |
| 1-24 | 140000 | ശ്രീമതി.മേരിക്കുട്ടി ജോസഫ്, വി ഇ ഒ |
| 1-25 | 773800 | ശ്രീമതി.മേരിക്കുട്ടി ജോസഫ്, വി ഇ ഒ |
| 1-26 | 1770000 | ശ്രീമതി.മേരിക്കുട്ടി ജോസഫ്, വി ഇ ഒ |
| 1-27 | 180000 | ശ്രീമതി.മേരിക്കുട്ടി ജോസഫ്, വി ഇ ഒ |
| 1-28 | 27700 | ശ്രീ.സുരേഷ് സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 20000 | ശ്രീ.സുരേഷ് സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 27700 | ശ്രീ.സുരേഷ് സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 6065 | ഡോ.സീനിയ പി കെ, മെഡിക്കൽ ഓഫീസർ ആയിർവ്വേദം |
| 1-32 | 133942 | ഡോ.ജോയ്സി ജോൺ, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| ആകെ | 3289207 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുർക്കിറ്റി എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) | - | രോഹിണി, മലമേക്കര, അടൂർ പി ഒ പത്തനംതിട്ട 682307 |
| ശ്രീമതി.ചിത്ര എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) | - | TC27/302-1, വിവേകാനന്ദനഗർ വഞ്ചിയൂർ പി ഒ തിരുവനന്തപുരം-695035 |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(1)/28.02.18 | 13 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി4.960/അദാ G6/2011/ 25.8.11 | 7 |
| 1999-00, 2000-01, 2001-02 Plan | എൽ.എഫ്.കെ.പി7/910/03/25.01.05 | |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(3)/28.02.18 | 1 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(4)/28.02.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(6)/28.02.18 | 2 |
| 2008-09 | എൽ.എഫ്.കെ.പി2-13/1311/13/24.10.13 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(8)/28.02.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(9)/28.02.18 | 6 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(10)/28.02.18 | 2 |
| 13-14 & 14-15 | കെ.എസ്.എ-കെ.ടി.എം.പി-14/85/2020/12.06.2020 | 2 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-14/85/20/05.06.2020 | 3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-14/303/ 19/14.10.19 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി-14/513/2021/14.07.2021 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി-14/1290/2021/09.11.2021 | 26 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**കോട്ടയംജില്ലാ ഓഡിറ്റ് കാര്യാലയം,**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്